CHITTUR VASUDEVAN NAMBUDIRIPAD NARAYANA MENON

Δ2y7L88
32F8

88 32P8
IA MENON
(K.)

MUL
051131

ATHNAM PRESS
BINDERS
BADRIAN STREET
MADRAS.

DOCTRINA·VIM·PROMOVET INSITAM

**Madras University Library**

Call Number Δ2y7L88 32

Accession Number 51131

Available for loan from

This book should be returned on or befo
the date last marked below.

O. 61

Chitoor Vasudevan Namboodiripad

ചിറ്റൂർ വാസുദേവൻ

# നമ്പൂതിരിപ്പാട്

---

K. Narayana Menon

1. കവിതിലകൻ കുണ്ടൂർ നാരായണമേനോൻ ബി. ഏ.,

2. വൈദ്യൻ പി. കെ. നാരായണൻ നമ്പീശൻ,

3. ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ ബി. ഏ.

എന്നീ മൂന്നുകവികൾകൂടി ഉണ്ടാക്കിയതു്.

---

പ്രസാധകൻ

പി. വി. കൃഷ്ണവാരിയർ

---

[വില നാലണ]

---

ലക്ഷ്മീസഹായം പ്രസ്സ്
കോട്ടക്കൽ
1928

UNIVERSITY LIBRARY MADRAS

MAK

51131

Δ 247 L88

32E8

ITY LIBRA
PR. 19 9.

# അവതാരിക

ലോകത്തിൽ "ആഭിജാത്യ"ത്തിന്നു പ്രത്യക്ഷലക്ഷ്യമായി ചൂണ്ടിക്കാണിക്കാവുന്ന ഒരു ജനവിഭാഗം നമ്പൂതിരിസമുദായം മാത്രമാണ്.

"അഭയം സത്വസംശുദ്ധിർജ്ഞാനയോഗവ്യവസ്ഥിതിഃ
ദാനം ദമശ്ച യജ്ഞശ്ച സ്വാദ്ധ്യായസ്തപ ആർജ്ജവം.

അഹിംസാ സത്യമക്രോധസ്ത്യാഗഃ ശാന്തിരപൈശുനം
ദയാ ഭൂതേഷ്വലോലുപ്ത്വം മാർദ്ദവം ഹ്രീരചാപലം.

തേജഃ ക്ഷമാ ധൃതിഃ ശൌചമദ്രോഹോ നാതിമാനിതാ
ഭവന്തി സമ്പദം ദൈവീമഭിജാതസ്യ ———"

എന്നു ശ്രീകൃഷ്ണഭഗവാൻ അർജ്ജുനന്നുപദേശിക്കുന്ന തരത്തിലുള്ള "അഭിജാത"ന്മാരെ സാമാന്യേന കാണണമെങ്കിൽ കേരളബ്രാഹ്മണസമുദായത്തെത്തന്നെ നോക്കണം. ഇത്രയും സത്വസംശുദ്ധി തികഞ്ഞിട്ടുള്ള ഒരു വർഗ്ഗം വേറെയില്ല. നൈർമ്മല്യംകൊണ്ടു സ്ഫടികംപോലെ പ്രകാശിക്കുന്നതും, ശമപ്രധാനവുമായ ശുദ്ധസത്വഗുണമാണ് അവരിൽ വിളയാടുന്നത്. അവരുടെ ആഹാരസാധനങ്ങൾ "ആയുസ്സത്വബലാരോഗ്യസുഖപ്രീതിവിവർദ്ധനങ്ങളും, രസ്യങ്ങളും, സ്നിഗ്ദ്ധങ്ങളും, സ്ഥിരങ്ങളും, ഹൃദ്യങ്ങളു"മായിരിക്കുന്നതാണ് ഇത്രയും സത്വശുദ്ധി കാണുവാനുള്ള കാരണം. അവരുടെ ഈശ്വരാരാധനാക്രമങ്ങളും ഈ സാത്വികഗുണത്തിന്നനുസരിച്ചവയാകുന്നു. ഇത്രമാത്രം വി

ശിഷ്ടത മററ ദേശങ്ങളിലുള്ള ബ്രാഹ്മണരുടെ ഇടയിൽപോലും കാണാത്തതുകൊണ്ടാണല്ലോ സമസ്തശാസ്ത്രപാരംഗതനായ ഉദ്ദണ്ഡശാസ്ത്രികൾ "സർവ്വോൽകൃഷ്ടാ ജഗതി വിദിതാഃ കേരളേഷു ദ്വിജേന്ദ്രാഃ" എന്നു മുക്തകണ്ഠം ഘോഷിച്ചിട്ടുള്ളത്. എന്നാൽ ഇത്രയും പറഞ്ഞതുകൊണ്ടു നമ്പൂതിരിമാരെല്ലാവരും ഒരുപോലെ സ്വതഃശുദ്ധിയുള്ളവരാണെന്നോ, അവരുടെ പൂർവ്വസ്ഥിതിക്ക് ഇന്നും ഒരു മാററവും വന്നിട്ടില്ലെന്നോ, മററ സമുദായത്തിലുള്ളവർക്കു താദൃശമായ സത്വപരിശുദ്ധതയും ശ്രേഷ്ഠതയുമില്ലെന്നോ എനിക്കഭിപ്രായമുള്ളതായി മാന്യവായനക്കാരാരും ധരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. നമ്പൂതിരിമാർക്കു കേരളത്തിൽ സ്ഥിരപ്രതിഷ്ഠ കിട്ടിയശേഷം കുറേ അടുത്തകാലംവരെ അവരുടെ സ്ഥിതി മേൽപ്രസ്താവിച്ചപ്രകാരംതന്നെയായിരുന്നു എന്നു വർഗ്ഗവിദ്വേഷമോ പക്ഷപാതമോ കൂടാതെ സൂക്ഷ്മപരിശോധനചെയ്യുന്ന ചരിത്രജ്ഞന്മാർ സമ്മതിക്കാതിരിക്കയില്ല.

പ്രസ്തുതപുസ്തകത്തിലാകട്ടെ നമ്പൂതിരിമാരുടെ ആപ്രശസ്തമായ കാലത്തെ ഒരു സംഭവമാണ് രേഖപ്പെടുത്തീട്ടുള്ളത്. കൊച്ചിശ്ശീമയിൽ തൃശ്ശിവപേരൂർ താലൂക്കിൽ ചെറുമനത്തിനടുത്തുള്ള ചിറവർമന ഇന്നും മലയാളബ്രാഹ്മണകുടുംബങ്ങളിൽ പലതുകൊണ്ടും പ്രാശസ്ത്യമേറിയതാണല്ലോ. ഈ മഹാബ്രാഹ്മണകുടുംബത്തിന്റെ പൂർവ്വചരിത്രം ശരിയായറിയുവാൻ ഇപ്പോൾ ഒരു നിവൃത്തിയുമില്ലെങ്കിലും, പൂർവ്വകാലത്തും ഈ കുടുംബത്തിനു വലിയ പ്രാമാണ്യവും പ്രാശസ്ത്യവുമുണ്ടായിരുന്നു എന്ന് ഐതിഹ്യങ്ങളെക്കൊണ്ടും, നഷ്ടശിഷ്ടങ്ങളായ ഇന്നത്തെ ചില നടവടികളെക്കൊണ്ടും സ്പഷ്ടമാകുന്നുണ്ട്. ചിറവർമനയ്ക്കൽ സൂക്ഷിച്ചിട്ടുള്ള ഒരു പഴയ ഗ്രന്ഥവരി നോക്കിയതിലും അഞ്ഞൂറോളം കൊല്ലത്തിനുമുമ്പ് അവിടുത്തെ സ്ഥിതി ഇന്ന-

ത്തേതിൽ ഒട്ടും താണതല്ലായിരുന്നു എന്നു കാണുന്നുണ്ടു്. പന്നിയൂർ, ചൊവ്വരം (ശുകപുരം), പെരുവനം ഈ മൂന്നുഗ്രാമങ്ങളിൽ പെരുവനത്തുകാൎക്കുള്ള പല അധികാരങ്ങളിലും ചിറവർമനസ്സിലേക്കു 'മുമ്പും കയ്യും' ഉണ്ടായിരുന്നതായറിയുന്നു. അത്രയുമല്ല, കേരളചക്രവൎത്തികളായിരുന്ന സാമൂതിരിരാജാക്കന്മാർ, ആദ്യം പന്നിയൂർഗ്രാമക്കാരേയും, അവരുടെ അധഃപതനത്തിന്നുശേഷം ചൊവ്വരത്തുകാരേയും സ്വന്തം കൂറകാരായി സ്വീകരിക്കുകയും, അവൎക്കു പല വിഷയങ്ങളിലും പ്രാമാണ്യവും പ്രാധാന്യവും കൊടുക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, പെരുവനത്തു പെട്ടിരിക്കുന്ന ചിറവർമനക്കാൎക്കു പ്രത്യേകം ചില അധികാരവും അവകാശങ്ങളും കല്പിച്ചുകൊടുത്തിട്ടുണ്ടു്. ഒരു സാമൂതിരി അന്തരിച്ചു പിന്നത്തെ സ്ഥാനിയുടെ അരിയിട്ടുവാഴ്ച കഴിയുന്നതുവരെ സാമൂതിരിപ്പാട്ടിലെ പ്രതിപുരുഷനായി സകല കാൎയ്യങ്ങളും നടത്തുന്നതും, രേഖകളിൽ ഒപ്പിടുന്നതും ഇന്നും ചിറവർ നമ്പൂതിരിപ്പാടാണെന്നത്രേ നിശ്ചയം. ഇത്ര വലിയൊരധികാരം എന്നുമുതൽക്കാണിവൎക്കു കിട്ടിയതെന്നറിയാൻ യാതൊരു ലക്ഷ്യവും കാണുന്നില്ല. സാമൂതിരികോവിലത്തുനിന്നു കുറേ വസ്തുവഹകൾ ചിറവർമനസ്സിലേക്കു കൊടുത്തിട്ടുള്ളതിന്നു പുറമേ, അവിടെ നടത്തുന്ന അന്നപ്രാശനം മുതലായ അടിയന്തരങ്ങൾക്കു സാമൂതിരികോവിലകത്തുനിന്നു പണവും മററും അയച്ചതായും നാനൂറുകൊല്ലത്തിന്നുമുമ്പുള്ള ഗ്രന്ഥവരികളിൽ കാണുന്നുണ്ടു്. ചിറവർമനസ്സിലേക്കു് ഇങ്ങിനെ ഒരു ബന്ധംകൂടിയുണ്ടായതു, സാമൂതിരിരാജാവു കൊച്ചിരാജ്യത്തു മാപ്രാണംവരെ പിടിച്ചടക്കിയ കൂട്ടത്തിൽ പെരുമനവും മററും ഉൾപ്പെട്ട കാലംമുതല്ക്കോ എന്നും അന്വേഷിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ചിറവർ നമ്പൂതിരിപ്പാടന്മാരുടെ ദേഹരക്ഷയ്ക്കായി സാമൂതിരിപ്പാട് ഏതാനും മുഹമ്മദീയരെ വിട്ടുകൊടുക്കുകയും, അവൎക്കു കുടിപാൎക്കാനിടവും, ചില അവകാശങ്ങളും മനസ്സാൽ

നിന്നു് കല്പിക്കുകയും, അവരുടെ ഒരു സംഘം ഇന്നും അവിടെ താമസിച്ചു വരികയും ചെയ്യുന്നുണ്ടു്. ഇവിടെ പ്രകൃതം ആവക പൂർവ്വചരിത്രമല്ലായ്കയാൽ ആ ഭാഗം ഇനിയും വിസ്തരിക്കുന്നില്ല.

ചിറവർമനയ്ക്കൽ മഹർഷിതുല്യന്മാരായ പല മഹാവിശിഷ്ടന്മാരും മുൻകാലങ്ങളിലുണ്ടായിട്ടുണ്ടു്. അവരിൽ ചിലർ യോഗിയാതിരിമാരായിട്ടുമുണ്ടത്രെ. അങ്ങിനെയുള്ള ഒരു യോഗിയാതിരിപ്പാട്ടിലെ ഒരു ചിത്രം ഇന്നും ചിറവർമനയ്ക്കൽ സൂക്ഷിച്ചുകാണുന്നുണ്ടു്. അദ്ദേഹത്തിന്റെ ജീവിതകാലം ഒരു നൂറാണ്ടിനപ്പുറമത്രേ. ആ കൂട്ടത്തിൽ,

“ഉദാസീനവദാസീനോ ഗുണൈര്യോ ന വിചാല്യതേ
ഗുണാ വർത്തന്ത ഇത്യേവ യോഽവതിഷ്ഠതി നേംഗതേ;

സമദുഃഖസുഖഃ സ്വസ്ഥഃ സമലോഷ്ടാശ്മകാഞ്ചനഃ
തുല്യപ്രിയാപ്രിയോ ധീരസ്തുല്യനിന്ദാത്മസംസ്തുതിഃ;

മാനാപമാനയോസ്തുല്യസ്തുല്യോ മിത്രാരിപക്ഷയോഃ
സർവ്വാരംഭപരിത്യാഗീ ‘ഗുണാതീതഃ’ സ ഉച്യതേ”.

എന്നീ ഗീതാവിവരണത്തിന്നനുസരിച്ചു ‘ഗുണാതീത’നായ ഒരു മഹാന്റെ ‘ത്യാഗ’ബുദ്ധിയാണു് ഈ പുസ്തകത്തിലെ കഥാവസ്തു. ‘ചാഢിത’ എന്നു പറയപ്പെടുന്ന കിരാതീവേഷത്തിലുള്ള ഭഗവതിയാണു് പണ്ടും ഇന്നും ചിറവർമനയ്ക്കലെ പരദേവത. ആ ഭഗവതി നമ്മുടെ കഥാപുരുഷനു പ്രത്യക്ഷമൂർത്തിയായിരുന്നു. ദിവസേന പുലർച്ചെ ഏഴരനാഴികയ്ക്കു കുളികഴിച്ചു ഭഗവതിയെ പൂജിക്കുക പതിവുണ്ടായിരുന്ന ആ മഹാന്റെ യുവതിയായ ധർമ്മപത്നിക്കു് ഭർത്താവിനെപ്പോലെതന്നെ സത്വശുദ്ധി വരായ്കയാൽ, അദ്ദേഹം അത്രനേരത്തെ തന്നെ വിട്ടുപോകുന്നതിൽ അവൾക്കെന്തോ ദുശ്ശങ്ക ജനിക്കുകയും, അതറിയാൻവേണ്ടി ഭർത്താവു ഭഗവതി

യെ ധ്യാനിച്ചു കണ്ണടച്ചിരിക്കുന്ന സ്ഥലത്തു് ഉപായത്തിൽ,
ചെന്നു നോക്കിയപ്പോൾ അവിടെ ഒരു വേടത്തിയെ ക
ണ്ടെത്തുകയും, അതു ദാസിയോടു പറഞ്ഞു് അവൾമുഖാ
ന്തരം നമ്മുടെ കഥാപുരുഷനു 'ദോഷശങ്ക'യുണ്ടെന്നുള്ള
വൃഥാപവാദം പരക്കുകയും ചെയ്തു. സ്വജനങ്ങളായ ന
മ്പൂതിരിമാർ യോഗംകൂടി ഈ ജനസംസാരം അന്നത്തെ
കൊച്ചിമഹാരാജാവിനെ അറിയിക്കുകയാൽ രാജാവു നമ്പൂ
തിരിപ്പാടിനെ വരുത്തി സ്വജനങ്ങൾ പറഞ്ഞ സംഗതി ഒ
രുവിധം അദ്ദേഹത്തെ ധരിപ്പിക്കുകയും, അപ്പോൾ പര
ബോദ്ധ്യത്തിന്നും സ്വജനതൃപ്തിക്കും വേണ്ടി താനഗ്നിപ്രവേ
ശം ചെയ്യാനുറച്ചതായി രാജാവിനോടു പറകയും, അതു
പ്രകാരംതന്നെ സ്ഥിരനിശ്ചയനായ അദ്ദേഹം തിയ്യിൽ ചാ
ടുവാൻ ഭാവിച്ചപ്പോഴയ്ക്കും രാമേശ്വരത്തുനിന്നു തല്ക്കാലം മ
ടങ്ങിയെത്തിയ മഴമംഗലത്തു നമ്പൂതിരി ഓടിവന്നു പിടി
ച്ചുമാററുകയും, അവിടെയുള്ളവർക്കെല്ലാം പരമാർത്ഥസ്ഥി
തി ദൃഷ്ടാന്തപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. ഇത്രയുമാണി
തിലെ കഥാഭാഗം.

പ്രസ്തുതകൃതി കേരളത്തിലെ കേളികേട്ട മൂന്നു കവികൾകൂ
ടിയാണു് എഴുതീട്ടുള്ളതു്. അതിൽ ആദ്യത്തെ രണ്ടുസർഗ്ഗം
കവിതിലകൻ കുണ്ടൂർ നാരായണമേനോൻ (ബി. ഏ)
അവർകളുടെ വകയാണു്. കഥാനായകനായ ചിററൂർ വാ
സുദേവൻനമ്പൂതിരിപ്പാട്ടിലെ അനിതരസാധാരണമായ
മഹത്വംമുതൽക്കു് അദ്ദേഹത്തെപ്പററി കേൾക്കാനിടവ
ന്ന ദോഷാരോപം യോഗക്കാർ കൊച്ചിരാജാവിനെ
അറിയിച്ചതുവരെയുള്ള കഥാംശം ഇതിലുൾപ്പെടുന്നു. അ
ടുത്ത രണ്ടുസർഗ്ഗം എഴുതീട്ടുള്ളതു സരസകവി പി. കെ. നാ
രായണനമ്പീശനവർകളാകുന്നു. തനിക്കുള്ള അപവാദം
പരിഹരിപ്പാൻ അഗ്നിപ്രവേശത്തിന്നു തന്നെ അനുവദിക്ക
ണമെന്നുള്ളതിലേയ്ക്കു് കഥാനായകൻ ഒരു പൂർവ്വകഥകൂടികാ
ണിച്ചു സ്വപ്രതിജ്ഞയെ മഹാരാജാവുതിരുമനസ്സിലറിയിക്കു

ന്നഭാഗമാണ് ഇതിലടങ്ങിയിരിക്കുന്നത്. ഒട്ടുവിൽ രണ്ടു സർഗ്ഗം, പരേതനായ ഒട്ടുവിൽ കുഞ്ഞികൃഷ്ണമേനോൻ (ബി. എ.) അവർകളുടെ കൃതിയാകുന്നു. ഇങ്ങിനെ ആറുസർഗ്ഗമുള്ള ഈ കൃതിയിലെ ഓരോ ഭാഗവും അവസ്ഥാനുസരണം നന്നായിട്ടുണ്ടെന്നു മാത്രമല്ലാതെ വിശേഷിച്ചൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഒന്നു പറയാതിരിപ്പാനും മനസ്സുവരുന്നില്ല. ഒന്നാംസർഗ്ഗത്തിലെ 20മുതൽ ആ സർഗ്ഗമവസാനിക്കുന്ന 50-ാം പദ്യംകൂടി കഥാനായകൻ തന്റെ ധർമ്മപത്നിക്കു ചെയ്യുന്ന ഉപദേശംയുവജനങ്ങൾ, പ്രത്യേകിച്ചും ഇന്നത്തെനമ്പൂതിരിയുവജനങ്ങൾ, സശ്രദ്ധം വായിച്ചുപഠിക്കേണ്ടതാണ്. അതുപോലെ നാലാംസർഗ്ഗത്തിൽ, പണ്ടൊരു മഹാരാജാവു നായാട്ടിന്നുശേഷം ഒരു മലച്ചിയെക്കണ്ടു മലച്ചുപോയഭാഗം നമ്പീശനവർകൾ വർണ്ണിച്ചതും മററും വളരെ വിശേഷമായിട്ടുണ്ട്. ഒട്ടുവിന്റെ ഭാഗം പറയാനുമില്ലല്ലോ. അതാതു സന്ദർഭങ്ങളുടെ ഓരോ ചിത്രം വായനക്കാർക്കു വരച്ചു കാണിച്ചുകൊടുപ്പാനും, ആ വക ഘട്ടങ്ങളിൽ ഓരോരുത്തർക്കുമുണ്ടാകുന്ന മനോവികാരങ്ങളെ അവർക്കനുഭവപ്പെടുത്തുവാനും ഒട്ടുവിന്നുള്ള സാമർത്ഥ്യം ഇതിൽ പൂർണ്ണമായി പ്രകാശിച്ചിട്ടുണ്ട്.

ഇങ്ങിനെ കേരളത്തിലെ മൂന്നു മഹാകവികളുടെ കവിതാവൈഭവത്തിന്നും, നമ്മുടെ യഥാർത്ഥമഹാന്മാരിൽ അഗ്രഗണ്യനായ ഒരു മഹാത്മാവിന്റെ ശാശ്വതകീർത്തിക്കുംലക്ഷ്യമായിത്തീർന്ന ഈ കൃതി ഇപ്പോൾ ഇങ്ങിനെ ഒരു പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്തുവാനിടവന്നതിൽ എനിക്കു വളരെ കൃതാർത്ഥതയുണ്ട്. യഥാർത്ഥമായ മഹത്വം അറിഞ്ഞഭിനന്ദിക്കുന്നതിൽ പ്രത്യേകം ശ്രദ്ധയുള്ള മലയാളികൾ ഇതു സസന്തോഷം സ്വീകരിക്കുമെന്നാണെന്റെ വിശ്വാസം.

കോട്ടക്കൽ
1103 കർക്കടകം 30-ാംനു- } പി. വി. കൃഷ്ണവാരിയർ.

APR. [illegible]
MADRAS

## ചിററൂർ വാസുദേവൻ

# നമ്പൂതിരിപ്പാട്

(ഒന്നാം സർഗ്ഗം)

പെരുമനമിതി പാരിൽപ്പേർപുകഴ്ന്നോരു ദിക്കിൽ-
പ്പുരുമഹിമ പുലർന്നീടുന്ന 'ചിററൂർ' മനക്കൽ
ഒരുമയൊടറിവാർന്നോരൊക്കെ വാഴ്ത്തുംപടിക്കു-
ള്ളൊരു മതിഗുണമോലും വിപ്രനുണ്ടായിരുന്നു. 1

അവനിയിൽ വിളികൊണ്ടോ'വാസുദേവാ'ഖ്യചേർന്നു-
ള്ളവനിലധികമോരോ സൽഗ്ഗുണം കാൺകയാലേ
അവനനിപുണനായിക്കൊച്ചിനാടന്നു കാത്തോ-
രവനിപനുമുയർന്നൂ പ്രീതിയാബ്ഭൂസുരങ്കൽ. 2

പലരുമുലകിൽ മാരപ്പോരിൽ മെയ്‌വാടി നീലോ-
ല്പലരുചിരദലാലോലാക്ഷിമാരൊത്തുറങ്ങേ
പുലരുവതിനു പത്തുള്ളപ്പൊഴാബ്ഭക്തി പാരം
പുലരുമാറു കരംത്താരൊത്ത വിപ്രൻ കുളിക്കും. 3

സുജനനിവഹമെന്നും ചൂടുമുത്തംസമൊത്താം
ദ്വിജനഥ തെളിവേറിദ്ദേവതാരാധനത്താൽ
ദ്വിജനതവി കഴിക്കും രാവു, പിന്നീടു ചെയ്യും
നിജനിലയമണഞ്ഞിട്ടാത്ത ഗാർഹസ്ഥ്യകൃത്യം; 4

പകലവനണയാതാഗ്ഗേഹകൃത്യം നടത്തി-
പ്പകലവനിസുരേന്ദ്രൻ വേദശാസ്ത്രങ്ങൾ നോക്കും,
പകലവനുദധിയ്യങ്ങെത്തിയാൽ മായതൻ വാ-
ന്മകലുവതിനു വീണ്ടും ദേവിയെസ്സേവ ചെയ്യും. 5

മറയുടെ മുരടാകും ദേവിതൻ പാദമേത്രം
മറയുവതിനയസ്ഥാത്രൂംക്കരുണനിങ്കലാക്കി
മറയവരണിമുത്താമാമഹാനാരണന്മാർ-
മുറയൊരണുവുമെങ്ങും തെററിടാതേ നടത്തി. 6

വഴിയ്യുമമിതഭക്ത്യാ വിപ്രവൃന്ദം നടക്കും
വഴിയൊരു ലവലേശം വിട്ടിടാതിപ്രകാരം
വഴിയെ വിലസിയോരാവിശ്രുതൻ ചെട്ട തന്വി-
യ്യൊഴിമയെയൊരു സുഖക്കേടാർക്കുമുണ്ടാക്കിയില്ല.

അരുവയരണിമുത്താമദ്വിജസ്ത്രീയ്ക്കു മാര-
പ്പെരുവിരുതിലനല്പപ്രീതി ചെയ്യുള്ള കാലം
ഇരുവതിനു സമീപം താൻ വയസ്സംഗഭംഗി-
യ്യൊരുവളുമെതിരില്ലാത്തന്വിയാൾക്കിജ്ജഗത്തിൽ.

ചുരുളുമിരുളൊളിക്കാർകുന്തൽ, ചൂതാസ്ത്രനെച്ചു-
ട്ടരുളുമവൻമൂർത്താരൊന്നുലയ്ക്കും കടാക്ഷം,
ഉരുളുമുരസിജപ്പൂമൊട്ടു, കാമാഗമത്തിൻ
പൊരുളുകളിവ ചേർന്നാപ്പൂർണ്ണചന്ദ്രാസ്യ മിന്നീ. 9

ചൊടിയുടനലർബാണന്നേകുമാച്ചോപ്പുകൂട്ടും
ചൊടിയിണയിലുദിക്കും പുഞ്ചിരിപ്പൂനിലാവും

പിടിയെത്രനടമുമ്പാം നന്മയും കാണ്കിലുൾക്കാ-
മ്പിടിയുമിതരനല്ലോർമൌലിമാക്കില്ല വാദം. 10

നവലളിതവിലാസം നിത്യമേറിത്തിളങ്ങു-
ന്നവളുടെയളവററല്ലോരു ചാരത്തിളപ്പാൽ
അവനിസുരരിൽമുമ്പൻ താൻ കുലുങ്ങീല തെല്ലും
പവനനുടെ കുരുത്താൽപ്പർവ്വതേന്ദ്രൻ കണക്കെ.

കുളി കുറി തൊഴലൂണുംപോലെ ഗാർഹസ്ഥ്യകൃത്യ-
ങ്ങളിലിതുമിവനുണ്ടാമെന്നതാനോർത്തപോലെ
കിളിമൊഴിയുടെ കൂടെപ്പോസ്ത്തിടക്കും മനോജ-
ക്കളിയുമഥ ചുരുക്കിത്താൻ പ്രജാർത്ഥം നടത്തും. 12

ഇടയിലിതുവിധത്തിൽ ക്രീഡമലസ്ഥേക്കറങ്ങീ-
ലിടയുമലർശരൻതൻ മുഷ്ക്കു മയ്ക്കണ്ണിയാളിൽ
കടലനുദിനമണ്ണാൻ കോപ്പിട്ടും തീയിലൊററ-
ക്കുടമുദകമൊഴിച്ചിട്ടാരു തൃപ്തിപ്പെടുത്തും? 13

വിഷമവിശിഖവീര്യപ്രൌഢികൂട്ടുന്ന പൂമെയ്-
സുഷമയുടെ പകിട്ടാലാമഹാനെജ്ജയിപ്പാൻ
വിഷമനിലയിലായീ, ദുഃഖമേല്ക്കാതെ മായാ-
വിഷമതനുഭവിച്ചു സാധു സർവ്വജ്ഞവിപ്രൻ. 14

നിജനിരുപമലീലാവിഭ്രമത്തള്ളലാലാ-
ദ്വിജവരനു തരിമ്പും കൂസൽകാണായ്കയാലേ
ദ്വിജപതിമുഖിമാർക്കുത്തമോത്തംസമൊത്താം
ഗജഗമനയൊരിക്കൽക്കാന്തനോടേവമോതി:— 15

"അകലുഷതരബുദ്ധേ! ഭംഗിതിങ്ങും പ്രപഞ്ചം
സകലവുമവിടെയ്ക്കിന്നോക്കുകിൽപ്പുല്ലുപോലേ;
പകലിരവിതുമട്ടിൽപ്പോക്കുമെങ്ങാത്തിളങ്ങും
പുകളിനു ബലിയാക്കീ പാവമാം പത്നിയേയും. 16

ഇരവു പകുതിയാവുന്നേരമല്ലോ കിടപ്പാൻ
വരവു, പുലരുവാൻ പത്തുള്ളനേരത്തു പോകും
നിരവധി ഗുണസമ്പത്തൊന്നിണങ്ങും ധരിത്രീ-
സുരവര! കനിവങ്ങേയ്ക്കെന്നിലില്ലാത്തതെന്തേ? 17

കുലതരുണിയിലേററം കാമനുണ്ടാക്കിടും വ്യാ-
കുലത കനിവൊടന്നും കാന്തനാററേണ്ടതല്ലേ?
ചില തടവു ചിലപ്പോഴാപററിയെന്നാൽപ്പൊറുക്കാം,
നില തവ കഠിനംതാൻ നിത്യമീമട്ടിലായാൽ." 18

കഴലിണതൊഴുതേവം കാമബാണങ്ങൾകൊണ്ടു-
ള്ളുഴലുമവനിദേവസ്ത്രീജനോത്തംസരത്നം
അഴലുകളറിയിച്ചോരാദ്വിജേന്ദ്രൻ കരിങ്കാർ-
കുഴലിയൊടു പതുക്കെപ്പുഞ്ചിരിക്കൊണ്ടുരച്ചു:— 19

"അരുതഴലയി ഭദ്രേ! മായതൻ മന്ത്രി മാരൻ
വിരുതനുലകിതെല്ലാമിട്ടു നട്ടംതിരിപ്പാൻ
തുരുതുരെയവനെയ്യും ബാണവർഷം തടുപ്പാൻ
കരുതുകലർശരാരിപ്പൂതിമെയ്യിൻപദാബ്ജം. 20

കുരളുപറകയല്ലേ കേൾക്ക കാമാലിഷ്ടൾക്കും
കരളിനഴലണപ്പാൻ കാത്തുനില്ക്കുന്ന വർഗ്ഗം;

ഗരളമതു കുടിച്ചാൽക്കാളകണ്ഠാർദ്ധമെയ്യും
തരളമിഴി തുണച്ചേ താപമേൽക്കാതിരിക്കൂ. 21

ഇതു കടുതരദോഷംതന്നെയാണാദമെന്നാ-
ലതുകളുടയ വേരായ്ക്കാണ്മതാക്കാമമത്രേ;
കുതുകമതിൽ നശിച്ചാൽ ബാക്കിയുംപോയി വണ്ടാർ-
പ്പൂങ്കുഴലി! മയക്കും മായ കാമത്തിൽ നിൽപ്പൂ. 22

ഒരുപൊഴുതുമൊരാൾക്കും കാമനെസ്സേവയാലേ
കരുതിയവിധമാക്കിത്തൃപ്തിനേടാൻ ഞെരുക്കം;
ഒരുപടി കയറുമ്പോഴാശ മറ്റൊന്നിലാമ-
ട്ടൊരുപടി പടിമേലും കോണിപോലാണു കാമൻ.

അജസുതസുതനഭ്യസ്താഖിലാമ്നായശാസ്ത്രൻ,
നിജമുഖനിവഹത്താലർച്ചിതാംഗാരനേത്രൻ,
ത്രിജഗതി പുകൾന്നല്ലോ,നിന്ദ്രജിത്തുണ്ണിയാമയാൻ,
രജനിചരകുലേന്ദ്രൻ കാമമൊന്നാൽ നശിച്ചു. 24

സ്ഥിതി മുതലുകൾ കാമിച്ചാലുമീമട്ടുതന്നേ,
മതിയിൽ മതിവരില്ലിങ്ങെത്രതാൻ കിട്ടിയാലും,
പ്രതിദിനമിരുകോടിപ്രാഭവം നേടിയിട്ടും
കൊതി കരുതുവതില്ലേ വില്ലു ലക്ഷ്യത്തിൽ വീണ്ടും? 27

മുതലുകളിൽ വെറുപ്പായീടണം ബുദ്ധിവെള്ളം-
മുതലകമലരിങ്കൽത്തന്വി! മായാബ്ധിതന്നിൽ
മുതലകളവയല്ലോ, ശൌരിതൻ പാദസേവാ-
മൃതലഹരിയിൽ മുങ്ങീടുന്നവൻതന്നെ ധന്യൻ. 2

വല്ലരെ വചനമെന്തിന്നങ്ങു കാമം നിമിത്തം
തളരരുതംബരേ! നീ ചെയ്ക നിഷ്കാമകർമ്മം;
കിളരുമരിയ കാമം കൈവിടാൻ വയ്യയെന്നാൽ
കളരുചികളിയാട്ടം കാളിതൻ കാലിലാക്കൂ. 27

അല്ലാതെ മായയിലെഴുന്ന സുഖത്തിലാശ-
നില്ലാതെ നിത്യമുളവായ് നിലവിട്ടുയർന്നാൽ
വല്ലാതെ മാൽവരുമനിത്യസുഖങ്ങളല്ലാ-
തില്ലാ ധരിക്കു വില കെട്ട ഭവത്തിലൊന്നും. 28

മുജ്ജന്മകർമ്മഫലമുണ്ണുവതിന്നു താനാ-
ണിജ്ജന്മമെന്നതറിയാതെ സകാമകർമ്മം
ഇജ്ജന്മവും ദ്വിജകുമാരി! തുടങ്ങുകെന്നാ-
ലിജ്ജന്മമൃത്യുമയമായ വിടേണ്ടയെന്നോ? 29

വീരാ യമ്പും വിടാത്താവിഷമവിശിഖനെ-
ച്ചുട്ട വെണ്ണീറു മേൽപ്പൂ-
ടാരംമുമ്പാശു തേച്ചോനഹിഹിമകരമര-
ത്തുല്യമോദാൽധരിച്ചോൻ
ആരം നീറന്ന തിങ്ങും സുഖമൊടണിയുവോൻ
കണ്ടു മെയ് പാതി നൽകും-
മാറിടംകുളുറാർന്ന മഞ്ഞിന്മലമകളെ മുറ-
യ്യോക്ക മാലൊക്കെ മാറും". 30

# രണ്ടാംസർഗ്ഗം

ഇത്തരം വരവചസ്സു കേട്ടതി-
ന്നുത്തരം മനസി തോന്നിടായ്കയാൽ
അത്തരംഗവരചില്ലി മൌനമായ്
ച്ചിത്തരംഗമതിലോർത്തിതിങ്ങിനേ:— 1

"കേമനെന്റാ കമിതാവു പക്ഷെയി-
ന്നീ മതം മനസി ബോദ്ധ്യമല്ല മേ;
കാമമിത്ര വഷളോ, സ്മരാരിയും
താമരാക്ഷിയെ വിടാതെഴുന്നതേ. 2

ചാരമെപ്പൊഴുമണിഞ്ഞു തീർത്ഥസം-
ചാരവും ജപവുമെന്നിതൊക്കയും
ചാരവേ ദയിതയുള്ളവന്റെയാ-
ചാരമാവതിനു യുക്തി ചേരുമോ? 3

വല്ലഭന്റെ പണി പാതിരയ്ക്കു പോയ്
വല്ല പെണ്ണുമൊരുമിച്ചിരിക്കയോ?
നല്ല തുഷ്ടിയതിലില്ലിനിക്കിനി-
ക്കില്ലകററവതിനൊന്നു നോക്കണം. 4

മെന്നു തൽഭജനമിന്നമട്ടിലാ-
ണെന്നു കാന്തനറിയാതൊളിച്ചു ഞാൻ
നിന്നു നേരറിയുവാൻ മടിക്കയി-
ല്ലിന്നു തന്നെയതിനുദ്യമിക്കണം". 5

ഏവമോർത്താളിചിലന്നരാത്രി ഭൂ-
ദേവനൊന്നു പിറകേ ഗമിച്ചുടൻ
പീവരസ്തനി കുളപ്പുരയ്ക്കക-
ത്താ വരൻ്റെ പണി പാർത്തുനിന്നുതേ. 6

പാരിലേറെ വിളികൊണ്ട യോഗി ത-
ണ്ണീരിൽ നേരെ മുഴുകിക്കുളിച്ചുടൻ
കേറിവന്നഥ കുളപ്പുരയ്ക്കക-
ത്തേറിടുന്ന രസമാർന്നിരുന്നുതേ. 7

വെള്ളികൊണ്ടൊരു വിളക്കു നെയ്യൊഴി-
ച്ചുള്ളിൽ നൂൽത്തിരിയുമിട്ടതങ്ങിനെ
പുള്ളിമാൻമിഴിയൊളിച്ചുനോക്കവാ-
പ്പുള്ളി പിന്നെയുടനേ കുളത്തിനാൻ. 8

മൌനമാർന്നതിനു മുന്നിലായ് ധരാ-
വാനചന്ദ്രനഥ കണ്ണടച്ചുടൻ
ധ്യാനമാർന്നു കുറെയങ്ങിരുന്നവൻ
താനടച്ച നയനം തുറന്നുതേ. 9

നീണ്ടു നന്നെ വിടരുന്ന ലോചനം
രണ്ടുകൊണ്ടുമഥ നോക്കി ഭൂസുരൻ
വീണ്ടുമുൾത്തെളിവുയർന്നു കോമളമയി-
ക്കൊണ്ടു നോക്കിയവിടത്തിൽ മേവിനാൻ. 10

നോക്കുമാറു നിനവൊക്കയും പരം
നോക്കുമാറു നലമോട്ടുമെൻവരൻ

നോക്കുമത്ഭുതപദാർത്ഥമെന്തിതെ-
ന്നാകുലാംഗതരളാക്ഷി നോക്കിനാൾ. 11

വേടനാരിയുടെ വേഷമായിരു-
ണ്ടാടചേർന്നൊരു കറുത്ത പെണ്ണിനെ
ആടലോടുമയാൾ കണ്ടു, 'നന്നു കു-
ച്ചോട'മെന്നു നെടുവീർപ്പൊടോർത്തുതേ. 12

'താലികെട്ടിയവനിങ്ങു ചേർച്ച ച-
ണ്ഡാലിയോടിതറിവോരെനിക്കഹോ
മേലിലെന്തു ഗതി'യെന്നുമോർത്തു വ-
ന്മാലിൽ വെന്തു മടവാർ മടങ്ങിനാൾ. 11

കൂട്ടിനെത്തിയൊരു ദാസിയോടുടൻ
കുട്ടിമാൻമിഴി കഥിച്ചിതിക്കഥ;
വീട്ടിലെത്തിയവളോതി വാർത്തയീ-
മട്ടിൽ നാട്ടിലഖിലം പരന്നതേ. 14

ദൂഷണം പരസ്സിലോതിടുന്ന സം-
ഭാഷണങ്ങൾ ജനതക്കു മിക്കതും
ഈഷലില്ല. കലി നാടുവാഴ്കെ നിർ-
ദ്ദോഷസൽക്കഥയിലും തുലോം രസം. 15

ആളുമൾമത്തളിചിയന്നു മൂന്നുനാ-
ലാളു കൂട്ടമവിടത്തിലൊക്കെയും
നാളുതോറുമിതുതന്നെയായിത-
ന്നാളുരപ്പൊരു വിശേഷവാർത്തകൾ. 16

"കേട്ടിതോ കഥ ജനങ്ങൾ യോഗിതൻ-
മട്ടിലോർത്തുവരുമാ ദ്വിജാധിപൻ
കാട്ടിലുള്ളൊരു കറമ്പിതന്നെ വെ-
പ്പാട്ടിയാക്കിയിഹ വെച്ചിരിപ്പുപോൽ. 17

പേടി കാക്ക കരയുമ്പൊഴും പരം
തേടിടുന്നു പകലെന്നു ചൊല്ലുവോൾ
ചാടി വന്നുതലയേറമാറിലും-
കൂടി നീന്തുമിരവിങ്കൽ നിർഭരം. 18

ആ ലസിക്കുവൊരു കാഞ്ഞിരപ്പഴം
പോലവേ കുമതി നന്മ കാട്ടുവോൻ;
കാലവൈഭവമിതിന്നു, ബാല്യമാം
കാലമററ കലി മൂത്തിടുന്നതേ. 19

'ഭ്രാന്തനെന്തിനിതു ചെയ്തിടുന്നു? തൽ-
കാന്ത നല്ലൊരു വരാംഗിയാണുപോൽ'
'എന്തതിൽ, കൊതി കിടിക്കു ചേറിലോ
ചന്തമേറി വിലസും സരിത്തില്ലോ!' 20

സുന്ദരാംഗി സതിയേ ത്യജിച്ചഹോ!
മന്ദനേവമണയുന്നു നീചയെ;
വന്ദനീയവരസൽഗുണാഢ്യനീ-
നിന്ദനീയനില വന്നതത്ഭുതം. 21

ശീലമൊത്ത നിജപത്നിയല്ല, ച-
ണ്ഡാലനാരിയിവനുള്ളിണങ്ങുവോൾ;

മാലയുള്ളതു കളഞ്ഞടിച്ചിട്ടും
ചൂലഹോ! ശിരസി ചൂടിനാനിവൻ. 22

സത്യധർമ്മപരനെന്നു ലോകരിൽ
പ്രത്യയസ്ഥിതി പെടുത്തിടുന്നവൻ
നിത്യമേഴര വെളുപ്പിനിത്തരം
കൃത്യമാണഹഹ! ചെയ്വതെന്നുമേ. 23

മൗനവും സതതമുള്ളൊരീശ്വര-
ധ്യാനവും പല പുരാണഘോഷവും
ജ്ഞാനവും വെറുതെയാണിതൊക്കെയും
നൂനമന്യഹൃദയം പകിട്ടുവാൻ. 4

ഹൃത്തിനുണ്ടു പരിശുദ്ധിയെങ്കിലീ-
വൃത്തികെട്ട വഴിയാർക്കു തോന്നിടും?
സത്തിണങ്ങിയ പയസ്സിലെങ്ങുമ-
ല്പത്തി കയ്പിനു കിടച്ചിടാ ദൃഢം. 25

പാരടച്ചു ശുഭയോഗിയെന്നു നൽ-
പ്പേരണച്ചുമൊരു വിപ്രവംശജൻ
സ്വൈരമിത്തൊഴിലെടുക്കുമെന്നതാ-
രാരറിഞ്ഞു, ശിവ! ചിത്രമെത്രയും. 26

ദൈവമേ! കഠിനമൊപ്പമാക്കുമാ-
ദേവനാരിയുമിവന്നു നീചയും;
കേവലം സമത വേണമെന്നുറ-
ച്ചവരുള്ള തൊഴിലാചരിക്കയോ? 27

ഭ്രൂവിലക്കിരണ്ടും ലസിയ്ക്കവേ
മേവിടുന്നു മുനിയെന്നപോലവേ,
രാവിലോ വിടനു തുല്യമായുമി-
ന്നീവിധം തൊഴിലെടുപ്പതക്രമം.” 28

പാരിലിങ്ങിനെ പരന്നവാർത്ത ന-
മ്പൂരിമാർ പലരുമങ്ങു കേൾക്കയാൽ
പാരിന്നീശനൊടു ചൊല്ലിയീ വ്രതം
ത്താരിലേത്തുമഴലോടുരച്ചതേ. 29

യോഗം കൂടിപ്പിരിച്ചുള്ളൊരു യതിസമനാ-
ഹന്ത! ചണ്ഡാലിയായ് സം-
യോഗം കൂടാതെ വയ്യെന്നൊരു നില കഠിനം!
യോഗ്യരീമട്ടിലാമോ?
യോഗം കേട്ടേവമുണ്ടായതു യുഗമിതിലീ-
യക്രമം ചേരുമെന്നും
യോഗം കൂടിപ്പറഞ്ഞാദ്വിജർ നൃപനരുളും
മന്ദിരേ ചെന്നു മന്ദം. 30

കവിതിലകൻ കുണ്ടൂർ നാരായണമേനോൻ ബി. ഏ.

## മൂന്നാം സർഗ്ഗം

പാലാഴിനാഥനൊടു പണ്ടു മരാളി ചെന്നു
മാലാകമാനമറിയിപ്പതിനെന്നവണ്ണം
ആലാപശൂന്യരവനീസുരർ കോലകത്തു
കോലായയിൽ സമയവും ബത കാത്തുനിന്നു. 1

കാര്യാധികാരിയുടനേ കഴൽകൂപ്പി വിപ്ര-
വര്യാഗമം തിരുമനസ്സറിയിച്ചിതപ്പോൾ
കാര്യാന്തരങ്ങളവനീപതി നിർത്തി ലോക-
മര്യാദയോർത്തവരൊടാശു വരാൻ പറഞ്ഞു. 2

ഭൂപാധിപാന്തികമണഞ്ഞഥ ഭൂസുരന്മാർ
താപാതിരേകമിയലുന്ന തദീയവൃത്തം
മാപാപമർദ്ധമറിയിച്ചൊരുമാത്രയിൽത്താ-
നാപാദചൂഡമവനീശനു മെയ് തരിച്ചു. 3

"ഗാർഹസ്ഥ്യകൃത്യരതനായ്പ്പരിശുദ്ധനാമ-
ദ്ദേഹത്തിനേവമപവാദമുദിച്ചിതെന്നോ?
ആഹന്ത ഹന്ത! നിരുപിക്കുകവയ്യ ഹവ്യ-
വാഹങ്കലും പരമുറുമ്പിനു സഞ്ചരിക്കാം. 4

സ്വർണ്ണാരവിന്ദമുഖിയാം സതിയെ ത്യജിച്ചു
ചണ്ഡാലിയോടണകയോ ഗുണശാലി വിപ്രൻ!.
ഉണ്ണാൻ പെരുത്തു സുധ കൈവശമുള്ളകാലം
പിണ്ണാക്കു തിന്നു പുലരുന്ന ജനങ്ങളുണ്ടോ? 5

വിശ്വാഭിവന്ദ്യനവനീസുരനാകകൊണ്ടു
വിശ്വാസമില്ല ലവലേശമെനിക്കിതിങ്കൽ;"
ആശ്വാസവാക്കിദമുരച്ചു നൃപേന്ദ്ര ദീർഘ-
നിശ്വാസമിട്ടു കുറെയൊന്നു നിനച്ചിരുന്നു. 6

'ഖ്യാതിപ്രകർഷമിയലും മമ നാട്ടിലേവ-
മൈതിഹ്യമില്ലിതിനു വേണ്ടതു ചെയ്തിടാഞ്ഞാൽ
നീതിക്രമങ്ങളറിയില്ലിവനെന്നു നാട്ടാ-
രോതിത്തുടങ്ങുമതു കേട്ടു പൊറുത്തിടാമോ? 7

എന്തിന്നു സാദ്ധ്യമിതെനിക്കിഹ വിസ്മരിച്ചി-
ട്ടെന്തിന്നു ദോഷമിതു വിട്ടുകളഞ്ഞുവെന്നാൽ
ചിന്തിക്കുകിൽ കലിയുഗത്തിലിതൊക്കെ നല്ല-
പന്തികൾ തീരുവതിനും പണി പാരമല്ലോ. 8

വയ്യാ ദുഷിക്കിലൊഴിവാക്കുവതിന്നു തന്റെ
കയ്യാകിലും ദ്രുതമറുക്കണമെന്നു ശാസ്ത്രം
അയ്യായിരം ഗുണമിരിക്കിലുമെന്റെ കൃത്യം
ചെയ്യാതിരിക്കിലപവാദമെനിക്കുമേൽക്കും. 9

മുമ്പൂർജ്ജിതസ്ഥിതിയിലൂഴി ഭരിച്ചുവാണ-
ളെമ്പൂർവ്വജർക്കിതിനു സംഗതിവന്നതില്ല?
സംപൂജ്യനിങ്ങനെ നിനച്ചഥ "വാസുദേവൻ
നമ്പൂരിയെസ്സപദിയിങ്ങു വരുത്തുകെ"ന്നാൻ. 10

എന്നാജ്ഞ കേട്ടളവു സേവകനേകനങ്ങു
ചെന്നാദരാൽ പ്രകൃതവിപ്രനെയാനയിച്ചു;

സ്വർന്നായകൻ സുരസദസ്സിലെഴുംപ്രകാര-
മന്നാക്ഷിതീന്ദ്രനവനീസുരരൊത്തിരുന്നു. 11

ചൊല്ലായ്കയെന്നു പലവട്ടമടുത്തു ഭീതി,
ചൊല്ലാൻ മടിയ്ക്കരുതിതെന്നു കയർത്തു ധൈര്യം,
വല്ലാതെ തെല്ലിതുവിധത്തിലിരുന്നൊടുക്കം
ചൊല്ലാൻ തുടങ്ങി നൃവരൻ വരധൈര്യശാലി.

“ചിറ്റർമഹീസുര! ഭവാനൊരു ദുര്യശസ്സു
മറ്റരിലും ബത പരന്നുവരുന്നുവല്ലോ;
ചെ:റ്റനമറ്റൊരു ഭവാന്റെ യശഃപതാക-
യറ്റർന്നു വീഴുവതു ദുസ്സഹമല്ലയോ മേ? 13

ധീചാതുരീവിഭവശാലി ഭവാനിവക്കി-
ന്നാചാര്യനായി മരുവുന്ന നിലയ്ക്കിവണ്ണം
നീചാംഗനാനിരതനെന്നു വരുന്നതായാ-
ലാചാരമാർഗ്ഗമിനിയൊക്കെയടച്ചുകെട്ടാം, 14

ദുഷ്കാലമൂലമുളവാകിയ ദുര്യശസ്സിൻ
നിഷ്കാസനത്തിനിനിയെന്തു നിവൃത്തിയുള്ളൂ?
ശുഷ്കാന്തിയോടു നിരുപിച്ചു വിധിച്ചിടേണം
നിഷ്കാമകർമ്മരതനങ്ങിനിമേൽ പ്രമാണം. 15

എന്താണിതിന്റെ പരമാർത്ഥമറിഞ്ഞിടാമോ?
യെന്താകിലും പറയണം ശരിയായ് സദസ്സിൽ;
എന്താഴ്മയുള്ള മതമീവിധമാണകത്താർ
വെന്താണിരിപ്പതിവർ ബന്ധുജനങ്ങളെല്ലാം”. 16

ആ വയസ്സനാകിയ നൃപൻ ഗളരുദ്ധബാഷ്പ-
നേവം പറഞ്ഞു പരിതാപമിയന്നിരിക്കേ
കൈവല്യകാംക്ഷി ധരണീസുരവര്യനൊട്ടും
ഭാവപ്പകർച്ചകലരാതെ ചിരിച്ചുചൊന്നാൻ. 17

“മാടക്ഷമാരമണ! മാന്യമതേ! ഭവാനീ-
നാടത്രയും നലമൊടിന്നു ഭരിച്ചിടുമ്പോൾ
ക്കൂടപ്പിറപ്പിനെതിരാമിവരിപ്രകാര-
മാടൽപ്പെടുന്നതു നിനച്ചുരുകുന്നു ചിത്തം. 18

രാജപ്രവീര! പരമെന്തിവനോതിയാലും
വ്യാജപ്രലാപനിലയാവതിനാണെളുപ്പം;
ആജന്മശുദ്ധി വെളിവാക്കുവതിന്നുമിന്ന-
വ്യാജങ്ങളാം വഴികളുണ്ടു വിധിച്ചിരിപ്പൂ. 19

‘കൈമുക്ക,’ തൊട്ടൊരിവരൊത്തു ശുചീന്ദ്രമാർന്നു
‘കൈമുക്ക’,ലൊന്നിതരമോ ദഹനപ്രവേശം;
ഈ മുഖ്യശുദ്ധികളിലേതിനുമില്ലിനിക്കു
വൈമുഖ്യമെൻനൃവര! കല്പനപോലെ ചെയ്യാം”. 20

കാലസ്ഥിതിക്കു നലശുദ്ധി കടുപ്പമെന്ന-
ക്കാലം നൃപാലനരുൾചെയ്തിതു കാലവേദി;
വൈലക്ഷ്യമാർ“ന്നിതു തടുക്കരുതെ”ന്നു സത്യ-
മാലംബമാക്കിയവനീസുരനോതി വീണ്ടും:— 21

“ഭൂകാന്ത! മാമകയശസ്സുന നഷ്ടമായി-
ല്ലോകാന്തമട്ടനുഭവിക്കുക ദീനബന്ധോ!

ഏകാന്തനാശമെഴുമൊന്നിലെനിക്കു ലേശ-
മാകാംക്ഷയില്ല; തനു ഭൂതവികാരമല്ലോ. 22

ഭൂമണ്ഡലം ഭുവനപാവനകീർത്തിയെന്നും
രാമൻതുടങ്ങിയവർ മുമ്പു ഭരിച്ചുവല്ലോ,
ഈമട്ടിലന്നുമപവാദമുദിച്ചുപോലും;
ഹേ മന്നവോത്തമ! ഭവാനറിയുന്നതല്ലേ? 23

പൂതാശയൻ പൃഥു തുടർന്നവരുർവ്വിവാഴ്കേ
വീതാമയം കൃതയുഗം പരിശുദ്ധമല്ലോ;
ത്രേതായുഗത്തിലതിസങ്കടമാക്കുമേറ്റം
സീതാപവാദമറിയാത്ത ജനങ്ങളുണ്ടോ? 24

ആ രാമണീയകമിണങ്ങിയ സാധ്വിയാളാം
ശ്രീരാമചന്ദ്രസഹധർമ്മിണിയെക്കുറിച്ചും
ഹാ! രാമ! ലോകർ ബഹുദൂഷണവാക്കു രാക്ഷ-
സാരാമവാസകഥയോർത്തുരചെയ്തതില്ലേ? 25

വണ്ടാറണിക്കുഴലി ജാനകിയഗ്നിവേശം-
കൊണ്ടാണു ശുദ്ധി വെളിവാക്കിയതെന്നു കേൾപ്പൂ;
രണ്ടാകിലും നൃവര! ഞാനതുതന്നെ ചെയ്വാ-
നുണ്ടാകവേണ്ടയിതുകൊണ്ടൊരു ദുഃഖമാക്കും. 26

ആ ദ്വാപരത്തിൽ മണികട്ടോരകീർത്തി സാക്ഷാ-
ലാ ദ്വാരകാപതി മുകുന്ദനുമേറ്റവല്ലോ;
സദ്വാനരാധിപതിയൊത്തു കയർത്തു കൃഷ്ണൻ
തദ്വാരണത്തിൽ വിഷമിച്ചതിനറ്റമുണ്ടോ? 27

അത്യന്തദുഃഖമിവനെന്തു? സമസ്തസൃഷ്ടി-
സ്ഥിത്യന്തകാരിയിലുമീനിലവന്നതോർത്താൽ
സത്യം തെളിഞ്ഞതിനുമന്നു നിവൃത്തികിട്ടീ,
ഗത്യന്തരം നഹി നമുക്കിഹ സത്യമെന്ന്യേ. 28

ഉണ്ടായിപോൽ കലിയുഗത്തിലുമിപ്രകാരം
തണ്ടാരിൽമാതു വിലസുന്നൊരു ഭൂപതിക്കും
പണ്ടാടലേകുമപവാദ,മിവന്റെ കേൾവി
മിണ്ടാതിരിക്കിലവിടുന്നറിയില്ലയല്ലോ." 29

പരമഗുണമിണങ്ങും വിപ്രനിൽ ദുര്യശസ്സാൽ
പരമവശതകൈക്കൊണ്ടപ്പൊളമ്മട്ടുതന്നെ
പരനൃപനുമുണ്ടായ് കേൾക്കയാൽ, സദൃശനൽ-
പരനരവരനന്തശ്ശല്യമൊന്നേറിയന്നും. 30

# നാലാം സർഗ്ഗം

"പൂമാതിൻ നടനകലാവിലാസരംഗം
സീമാതിപ്രഭുഗുണസാത്മധർമ്മദൈവം
'രാമാ'ഖ്യൻ രഘുവരതുല്യനദ്വിതീയൻ
ധീമാനാമൊരു നൃപനൂഴിവാണു മുന്നം. 1

വിണ്ണാക്കി വിജയി ധരിത്രി, ചാരരെത്തൻ
കണ്ണാക്കി, കമനികൾതൻ മനസ്സശേഷം
പുണ്ണാക്കി, പുതുമലരമ്പലോഭനീയൻ,
മണ്ണാക്കി മഹിതനരാതിവായിലെല്ലാം. 2

വെട്ടിച്ചു വഴികൾ വിശേഷമട്ടിലേററം
കെട്ടിച്ചു കിണറുകൾ, വൻതടാകജാലം
മുട്ടിച്ചു, വിടജനഭുക്തി കീർത്തിയെങ്ങും
മുട്ടിച്ചു കവിജനമോദമേററിവെച്ചു. 3

ചെയ്യിച്ചു ക്രതു പലമട്ടു വേദപാഠം
ചെയ്യിച്ചു ദ്വിജവരരാൽ ധരാധിനാഥൻ
പെയ്യിച്ചു പരിമിതമായ വൃഷ്ടി കണ്ണീർ
പെയ്യിച്ചു പരനൃപനാരിമാർക്കു നിത്യം. 4

വെപ്പിച്ചു പരനൃപനുള്ള രാജ്യഭാരം
വെപ്പിച്ചു പതിവുകളമ്പലങ്ങൾതോറും
മൂപ്പിച്ചു ഖലരിലജസ്രമന്നു സൌഖ്യം
മൂപ്പിച്ചു മുഹുരപി സജ്ജനാന്തരത്തിൽ. ൫

നായാട്ടിന്നിടയണയാതെ ഭൂതധാത്രീ-
പ്രേയാനന്നമഹിതനുഴികാത്തിടുമ്പോൾ
ആയാസം തൻമനമൊട്ടു കിട്ടുവാനായ്
നായാട്ടിന്നൊരുദിവസം തുനിഞ്ഞിറങ്ങി. 6

കാട്ടാളത്തലവർകണക്കെ വേഷമാർന്നുൾ-
ത്തട്ടാളിപ്പൊരുവക തോക്കു തോളിലേന്തി
മുട്ടാളപ്പരിഷകളോടു കണ്ണുരുട്ടും
പട്ടാളം പരമണിയിട്ടു കാട്ടിലോളം. 7

കായത്തിന്നധികബലം കലർന്നൊരോരോ-
പ്രായത്തിൽ, പരിചകൾ, യഷ്ടി, വാളു, കുന്തം
ആയത്തോടിതുകളെടുത്തടുത്തനേകം
നായന്മാരൊടുമഥ യാത്രയായ് നരേന്ദ്രൻ. 8

നായാട്ടിന്നനുഗുണമാമൊരുക്കക്കൂട്ടീ
വ്യായാമപ്രിയരൊടമാത്യർ വണ്ടികെട്ടീ
നായാടിത്തലവരെയും വിളിച്ചുകൂട്ടി-
ബ്ഭീയാളും വനഭുവി പാളയങ്ങൾ കെട്ടി. 9

വില്ലാളിപ്രവരകിരീടിയപ്പകിട്ടാൻ
ചൊല്ലാളും മലർശരവൈരി ചെന്നപോലെ
ഉല്ലാസാൽ ഭടരൊടുമാർത്തുകേറി വേഗം
വല്ലാതൊന്നടവി കുലുക്കി രാജമൌലി. 10

നീതിജ്ഞോത്തമനടവിയണഞ്ഞ ഭൂവലാരി-
ജ്ഞാതോഗ്ര്യക്രിയ തുടരാൻ തുനിഞ്ഞവണ്ണം

ഭീതിങ്ങിക്കിടിനിവഹം ഭടപ്രണാദം
കാതിൽപ്പെട്ടളവു പുറത്തുചാടിവന്നു. 11

ഊക്കോളും ഭടനിനദം ഗുഹാന്തരത്തിൽ
പുക്കാരാൽ ത്വരയൊടു താൻ വിളിച്ചുണർത്തി
നിൽക്കായ്വിൻ യമനെതിരേല്പിനെന്നിവണ്ണം
തൽക്കാലം പുലികളെയും പുറത്തിറക്കി. 12

കൂട്ടത്തോടഴകിയ പൊയ്കയിൽ കളിച്ചു-
ള്ളപ്പെട്ടെന്നാ ലഹളകൾ കേട്ടു പാഞ്ഞുകേറി
കട്ടത്തീമിഴി കലരുന്ന കാട്ടുപോത്തും
വട്ടത്തിൽ തലയുമുയർത്തിനിന്നിടുന്നു. 13

മൻകൂട്ടിപ്പകുതിചവച്ച ദർഭയും പോയ്-
ത്താൻകൂട്ടം ജവമൊടു പിന്തിരിഞ്ഞുനോക്കി
വൻകുറ്റൻ പുലികളെയും ഭയപ്പെടാതെ
മാൻകൂട്ടം മഹിതവനത്തിലോട്ടമായി. 14

അമ്പെയ്യാൻ തുനിയുവതിന്നുമുന്നമേ ത-
ന്നമ്പെല്ലാമകലെ വെടിഞ്ഞു മന്നവേന്ദ്രൻ
മുമ്പെന്നും രിപുനിലയിൽകഴിഞ്ഞ സിംഹം
മുമ്പെത്തിക്കരിനട പുക്കൊളിച്ചിടുന്നു. 15

ആ മന്നോർമുടിമണിതന്റെ വില്ലെടുപ്പും
സാമർത്ഥ്യംതടവിടുമാശ്ശരം തൊടുപ്പും
ധീമങ്ങും മൃഗപടലത്തിനങ്ങു ജീവിതാശാ-
വൈകമർത്ഥ്യം വരികയുമൊപ്പമേ കഴിഞ്ഞു. 16

കാലാററം കട്ടശരമേററ കണ്ണമററം
വാലററം ചിലതുടനേ ശിരസ്സടഞ്ഞും
ആലംബം കിമപി കിടച്ചിടാതെ വട്ട-
പ്പാലത്തിൽ തിരിയുമിടങ്ങു വീണിടുന്നു. 17

അമ്പാറല്ലരചനയച്ചോരമ്പുകൊണ്ടി-
ട്ടമ്പമ്പാ ചുട്ടനിണമുദ്ഗമിച്ചമന്ദം
വയ്മ്പന്യച്ചരമൃഗരാജിയോട്ടു കാട്ടും
വമ്പന്നിക്കുടിയർ മറിഞ്ഞുവീണിടുന്നു. 18

മെയ്തന്നിൽ കണ്ടകൾ തറച്ചോരച്ഛഭല്ല-
വ്രാതം തെല്ലകലെ മറിഞ്ഞു മണ്ണുകപ്പി
ആതങ്കപ്പെട്ടവരു കണ്ടു ശല്യമെന്നായ്
ചേതസ്സിൽ ഭ്രമമുളവായി വന്നിതാക്കും. 19

ഇക്കാഴ്ചും വളരെയുരപ്പതെന്തിനീത്താ-
നക്കാട്ടിൽ കുടിലമൃഗങ്ങൾ ചത്തൊടുങ്ങീ;
തൽക്കാലം സഫലമിയലാതെ നന്ദനത്തിൽ
തിക്കായീ, നരവരനും തളർന്നുപോയീ. 20

നായാടിത്തളരുകയാൽധരാമണാളൻ
തോയാപ്തിക്കുള്ളൊരു വഴിയോർത്തു മന്ത്രിയോടും
ആയാസാലടവിവഴിക്കു തെല്ലു ദൂരെ-
പ്പോയാനങ്ങന്നൊരു ചെറുമാടമങ്ങു കണ്ടു. 21

കാട്ടപ്പെട്ടൊരുചക ചട്ടി നാറകുംഭം
പട്ടച്ചൂൽ, മുറ, മുരൽ, വെട്ടുകത്തി, കംപം

മുട്ടപ്പായകൾ, മെഴു, തേനെടുത്ത കൂടി-
വട്ടംതാനമിടെ നിന്നല്ലുകിൽ പ്രധാനം, 22

നീലക്കാർചികുരമഴിച്ചു വേർപെടുത്തും
വൈലത്തിട്ടൊരു വരിനെല്ലിനൊട്ടടുത്തും
ഓലക്കൈവള ചില കല്ലുമാല വട്ട-
ച്ചേലച്ചാർത്തിവയൊടുമങ്ങൊരുത്തി നില്പൂ. 23

കാണിസ്ഥാസ്ഥിതി ബഹുമോശമെങ്കിലും കാർ-
വേണിക്കുള്ളഴകതു കാഞ്ഞിലേതു പെണ്ണും
നാണിക്കും, വലിയൊരു കുപ്പയിൽകിടന്നാൽ
മാണിക്യം പ്രഭവെടിയുന്ന കാലമുണ്ടോ? 24

അന്നാരാലരചവരൻ പടിക്കലോളം
ചെന്നാറേ ചെറുതു തിരിഞ്ഞുനോക്കി മാറി
നിന്നാളൊട്ടകലെ 'മലച്ചി'താൻ മലച്ചി-
ട്ടെന്നാലും ചകിതമൃഗാക്ഷി കണ്ണെറിഞ്ഞാൾ. 25

എല്ലവർക്കും ഭുവി നിജകർമ്മതുല്യമായി-
ദ്ദൈവംതാൻ പ്രതിഫലമേകുമക്ഷണത്തിൽ,
പാവപ്പെട്ടടവിമൃഗത്തിലമ്പയച്ചാ-
ദ്ദേഹങ്കൽ സ്മരനലരമ്പു പെയ്തിതപ്പോൾ. 26

ആരാണീത്തരളവിശാലനേത്രയാൾ, താ-
നാരാണെന്നൊരു നിനവും കലർന്നിടാതെ
ആരാൽ കണ്ടളവിലനംഗബാധമൂർച്ഛി-
ച്ചാരാജാവവളിൽ മനംമയങ്ങിനിന്നു. 27

ഭൂമിക്കുള്ളുടയവനന്യർ തൊഴചെയ്യാൽ
ക്ഷമിക്കുന്നതിനധികാരിയെന്നിരിക്കേ
സ്വാമിക്കുള്ളൊരു ഹൃദയം മലച്ചിതന്നേ;
കാമിക്കീവകതിരിവേതുമില്ലയല്ലോ. 28

പഞ്ചാരപ്പൊടികളുതിർത്ത പായസം താ-
നഞ്ചാതേ വയർ നിറയേക്കഴിച്ചിടുമ്പോൾ
നെഞ്ചാളുന്നൊരു 'പുളിയിഞ്ചി' തൊട്ടുനക്കാൻ
കെഞ്ചാറുണ്ടത്തുവിധമായ് നൃപന്റെ മോഹം. 29

വെള്ളത്താർമുഖിയുടെ ദർശനോത്സവത്താൽ
വെള്ളത്തിൻകഥയുമുടൻ മറന്നു മന്നൻ
ഉള്ളത്തിൽ കെടുതികൾ വേട്ടമൂലമെന്നാ-
ക്കള്ളത്തോടൊരുവിധമെത്തി പാളയത്തിൽ. 30

നാട്ടിൽ പോവുകിലാഗ്രഹം സഫലമാ-
    വില്ലെന്നു ചിന്തിച്ചുതാ-
നാട്ടിൽപ്പാർപ്പു മൃഗങ്ങളെത്തിരയുവാ-
    നെന്നുള്ള നാട്യത്തൊടും
കാട്ടിൽത്തന്നെ വസിച്ചിതൊട്ടുദിവസം
    രാജാവു ചാപല്യവും
കാട്ടിക്കൊണ്ടു, ജഗത്തിലൊക്കെ മദനോ-
    ല്ലാസം ജയിക്കുന്നതേ. 31

പി. കെ. നാരായണൻ നമ്പീശൻ.

## അഞ്ചാം സർഗ്ഗം

UNIVERSITY LIBRARY
MADRAS
APR. 19

അപാരഗാംഭീര്യവിവേകശേമുഷീ-
കൃപാദിയൊത്തൂഴി ഭരിച്ചു സന്തതം
ക്ഷമാകരോദ്യൽപുകളാണ്ടു വാഴുമാ-
നൃപാലനയ്യോ! വിഷമിച്ചു നിർഭരം. 1

നിരന്തരം നീമകുലാംഗനാകുചാ-
ന്തരം തരത്തോടണവാൻ കൊതിച്ചഹോ!
പരന്തപൻ ഭൂപനനംഗബാധയാൽ
പരന്തപിച്ചാനിതു പാർക്കിലത്ഭുതം! 2

ചലച്ചകോരായതചാരുനേത്രയാം
മലച്ചിതൻ വിഭ്രമമാം മഹാർണ്ണവം
അലച്ചുകേറി ക്ഷിതിഭൃത്തുതൻ നില-
യ്ക്കുലച്ചിലേല്പിച്ചിതു കാലവൈഭവം! 3

കൃശാംഗിമാർമാലികയാമവൾക്കതാൻ
നിശാന്തമായ്ത്തീർന്നു നൃപന്റെ മാനസം;
പ്രശാന്തഗംഭീരവിശാലമാമതിൻ
വിശാലതയ്ക്കേററമിടിച്ചലോററകമോ! 4

കിടങ്ങു വൻകോട്ട തുടങ്ങിയുള്ളതിൻ
പടം വരപ്പാനരചൻ തുടങ്ങിയാൽ
വിടർന്ന രക്തോല്പലവും കനത്ത പൊൻ-
കുടങ്ങളും തൂലികതാൻ വരച്ചിടും. 5

മലച്ചിമൂലം മഹിപന്നു കാന്തയാ-
ളലക്ഷ്യയായി മധുരസ്വഭാവിനി;
തലയ്ക്കു മദ്യപ്പുളമത്തു കേറിയാൽ
ചിലക്കു പാലിങ്കലനാസ്ഥ വന്നിടും. 6

നിരന്തരം നിസ്തുലമത്താണച്ചൊരാ-
മരന്ദനേർവാണിയെ വിസ്മരിച്ചവൻ
ഒരല്പസൌഖ്യം നിശി ചേർത്ത തന്നിലും
വിരക്തനായെന്നൊഴിവായി നിദ്രയും. 7

മടങ്ങിയീമട്ടുകൾകൊണ്ടു കാര്യവും
മുടങ്ങിയപ്പോളഥ മന്ത്രിസത്തമൻ
അടങ്ങിനിൽക്കാതൊരുനാൾ നിഗൂഢമായ്
കടന്നുകേൾപ്പിച്ചിതു കാര്യമീവിധം. 8

"അനേകലോകക്കൊരു ജീവനായിട്ടും
ജനേശിതാവേ! തിരുമേനിയിങ്ങിനെ
ദിനേദിനേ ഹന്ത! ചടച്ചു കാൺകയാൽ
വനേചരക്കും വളരുന്നു സങ്കടം. 9

പുരത്തിലെത്താതെയിരിക്കകാരണം
പരക്കെയുള്ളോരു മഹാജനങ്ങളും
പുരന്ധ്രീരത്നം തവ ധർമ്മപത്നിയും
ദുരന്തചിന്താഗ്നിയിൽ വെന്തു നീറിടും. 10

നിലയ്ക്കുനില്ക്കും തിരുവുള്ളമേവമി-
ട്ടുലച്ചതെന്തെന്നരുൾചെയ്യു കേൾക്കിലോ

മലച്ചിവന്നാൾകളയാതെയീപ്സിതം
ഫലപ്പെട്ടുംമാറു പരിശ്രമിച്ചിടാം". 11

ഘുണാക്ഷരംപോലെ 'മലച്ചി വന്ന'തായ്
ഗുണാഢ്യനാം മന്ത്രി സമുച്ചരിക്കവേ
ക്ഷണാർദ്ധമാക്ഷ്മാപതി കണ്ണുലച്ചു വീ-
ക്ഷണാർത്ഥമമ്പോ! കുസുമാസ്ത്രചേഷ്ടിതം! 12

'തുറന്നുരച്ചീടുക'യെന്നു മന്മഥൻ;
'പറഞ്ഞുകൂടെ'ന്നഥ രാജഗൌരവം;
കുറച്ചുനേരത്തിവർ മല്ലടിക്കയാൽ
വിറച്ചു ഭൂപൻ ചിലതൊക്കെയോതിനാൻ. 13

സമഷ്ടിയായാണതുൾച്ചെയ്തതെങ്കിലും
സമസ്തവും മന്ത്രി ധരിച്ചു സത്വരം;
ക്രമത്തിലിക്കാര്യമൊതുക്കിവെക്കുവാൻ
സമർത്ഥനോരോന്നു നിനച്ചുറച്ചുതേ. 14

ധരക്കധീശന്റെ മനോധനം കട-
ന്നരക്ഷണാൽ കട്ടൊരു കാട്ടുകള്ളിയെ
തിരഞ്ഞു കണ്ടെത്തണമെന്നുറച്ചതി-
ന്നരം പുറപ്പെട്ടിതു മന്ത്രിപുംഗവൻ. 15

പതത്രിവേഗംകലരുന്ന വാജിമേൽ
ദ്രുതം കരേറീട്ടഥ കാടുപൂകിനാൻ;
ശതം സമീക്ഷിച്ചു മലച്ചിമാരെയ-
ന്നതല്ലിതല്ലെന്നു പറഞ്ഞു തള്ളിനാൻ. 16

അനംഗവീര്യം തനുവാണ്ടപോലെയും,
വനം ഭരിക്കും മലർമങ്കപോലെയും,
ഘനസ്തനത്താലുലയുന്ന മദ്ധ്യമാർ-
ന്നനല്പതേജസ്സോടൊരുത്തി ദൃഷ്ടയായ്. 17

സുമന്ദഹാസാഞ്ചിതയാമവൾക്കെഴു-
ന്നമന്ദസൌന്ദര്യസമുദ്രവീചിയിൽ
നിമഗ്നനാകാതെ കഴിച്ചുകൂട്ടുവാൻ
സുമന്ത്രതുല്യൻ സചിവൻ കുഴങ്ങിനാൻ. 18

അടുത്തുകൂടിദ്ധനവസ്ത്രസഞ്ചയം
കൊടുത്തു സംതൃപ്തിവരുത്തി മെല്ലവേ
തുടുത്ത കുന്നിക്കുരുമാലയും, ഞെറി-
ഞ്ഞുടുത്ത പൂഞ്ചേലയുമേററുവാങ്ങിനാൻ. 19

അടിക്കടിക്കും ഘനനീലകുന്തളം,
തടിച്ച മാർകൊങ്ക, വിലോലലോചനം,
ചൊടിപ്പകിട്ടിത്രയുമൊത്ത ശൂദ്രയെ-
പ്പിടിച്ചിതെല്ലാമണിയിച്ച ഭംഗിയിൽ. 20

വിടർന്ന പൂ തിങ്ങിയ വള്ളി മേൽപുര-
ക്കിടംവലംഭിത്തികൾ പൂത്ത വള്ളികൾ,
കിടക്ക ധാരാളമുതിർന്ന പൂക്കളി-
ക്കിടക്കെഴും വീട്ടിലണച്ചു ശൂദ്രയെ. 21

കുശേശയാസ്ത്രപ്പുക കൂടിടുംവിധം
നിശേശനംശുക്കൾ ചൊരിഞ്ഞ രാത്രിയിൽ

അശേഷലോകേശനെ മന്ത്രി മെല്ലെയീ-
വിശേഷവല്ലീനിലയത്തിലാക്കിനാൻ. 22

അണഞ്ഞു ചേടാംഗനയെന്നുറച്ചുടൻ
പുണർന്നു ഗാഢം നൃപമൌലി ശൂദ്രയെ
ക്ഷണം തളർന്നേറ്റമുറങ്ങിനാൻ, പുലർ-
ന്നുണർന്നെഴുന്നേററു വരുത്തി മന്ത്രിയെ. 23

"മലച്ചിയോടുള്ളൊരു സംഗമത്തിനാൽ
കുലം പിഴച്ചെ"ന്നരചൻ കഥിക്കവേ
സലജ്ജമല്പം തലതാഴ്ത്തിനിന്നു, തൻ-
ഛലപ്രയോഗത്തെയുണർത്തി മന്ത്രിയും. 24

"'മനഃകൃതം താൻ കൃത'മെന്നതില്ലയോ?
മനസ്സിൽ ഞാനോർത്തു മലച്ചിയെന്നുതാൻ;
കനത്ത മാലിന്യമിതൊന്നു വെച്ചിനി-
ജ്ജനങ്ങളെക്കാപ്പതു ഭംഗിയായിടാ." 25

ഇതിപ്രകാരം ദൃഢമായുരച്ചു തൻ-
ക്ഷിതിയ്ക്കൊരംശം വിഭജിച്ചുടുത്തുടൻ
അതിന്റെ നാഥത്വമൊടങ്ങു വാണുപോ,-
ലതിന്നു പേരും പുതുതായ് ഭവിച്ചുപോൽ. 26

തനിക്കുതാൻപോന്നവരൊക്കെയീവിധം
തുനിഞ്ഞുകാട്ടുന്നിതു പൌരുഷത്തിനെ;
എനിക്കു കല്പെട്ടൊരു ദോഷശങ്കയിൽ
കനിഞ്ഞു കല്പിക്കണമഗ്നിശുദ്ധിതാൻ". 27

അതീവ ഗാംഭീരതകൊണ്ടു സിന്ധുവിൻ-
സതീർത്ഥ്യനാം വിപ്രനിവണ്ണമോതവേ
ക്ഷിതീശനോരോ തടവോർത്തു ചൊല്ലിനാ-
നതീഷ്ടലെന്യേ നിരസിച്ചു ഭൂസുരൻ. 28

ഒരിക്കലും വിട്ടൊഴിയാത്ത മൂർത്തിയായ്-
ഭരിഷ്ണുയാൽ സമ്മതമേകി മന്നവൻ;
ചരിഷ്ണുവായുള്ള പുലാവു വെട്ടിയി-
ട്ടരിഷ്ണുണം വഹ്നിയെയെന്നുമോതിനാൻ. 29

ആ രാജാവുമകമ്പടിപ്പടകളും,
മന്ത്രീന്ദ്രരും, സത്തമ-
ന്മാരാമാരണരും, കുളിച്ചു ശരിയായ്
ചിറമർ മഹീദേവനും
തീരാത്തുള്ള മഹാത്ഭുതത്തിനിടയാ-
മഗ്നിപ്രവേശോത്സവം
നേരായ് കണ്ടറിവാനനേകജനവും
വന്നെത്തിനാരസംഖ്യലം. 30

———

# ആറാം സർഗ്ഗം

സ്ഫുടകനകമഹാദ്രിപോലെ ദീപ്തി-
ച്ഛടയൊടിതാ വിലസുന്നിതഗ്നികുണ്ഡം,
ഇടയിടയിലൊഴിച്ചിടുന്ന നെയ്യാൽ
ചടചടശബ്ദമൊടേററമുജ്ജ്വലിപ്പൂ. 1

അലകളിളകിടും കടൽക്കു തുല്യം
പല ജനമുണ്ടു തിരക്കിടുന്നു ചുററും;
വിലസിന മണിമണ്ഡപത്തിലുർവ്വീ-
വലമഥനൻ ഘനമോടു വന്നിരുന്നു. 2

ഉടുവസനമെടുത്തുകുത്തി നന്നായ്
കുടുമമുറുക്കിയൊരെട്ടുചോടു വാങ്ങി
പടുമതി ധരണീശ്വരൻ കുളിച്ചാ-
ടിടുവതിനുണ്ണികളെന്നപോലൊരുങ്ങി. 3

വിതതതരശിഖാഞ്ചലച്ഛലത്താൽ
ഹുതവഹനൽക്കടജിഹ്വ നീട്ടിടുന്നു;
ഇത! കുതിതുടരുന്നു വിപ്രനയ്യോ!
ചിതയൊടടുത്തിതു—പാഹി ശൈലകന്യേ! 4

അതുപൊഴുതകലത്തുനിന്നൊരാള-
ങ്ങതുലജവത്തൊടു പാഞ്ഞുവന്നിടുന്നു
പുതുമഴയുടെ മുമ്പിലുള്ള കാററിൻ-
ചതുരതയാലിലപാറിടും കണക്കേ. 5

"അരുതരുതരുതെ"ന്നുരച്ചട്ടത്ത-
പ്പുരുഷനുടൻ ദ്വിജനെപ്പിടിച്ചുനിർത്തി
വിരുതുടയ കിരീടിതന്നെ മുന്നം
ഗുരുകരുണാനിധി കൃഷ്ണനെന്നപോലെ, 6

സ്ഥിരരസപരിപൂർണ്ണകാവ്യസിന്ധു-
ത്തിരയിലിളാതലമിട്ടുലച്ച വമ്പൻ,
വരകവി 'മഴമംഗലത്തു' ഭൂമീ-
സുരവരനാണതു, ദേവദൂതനല്ല. 7

ഉടലുറവുനിറഞ്ഞ കൊച്ചുകുന്നിൻ-
കിടയിൽ വിയർപ്പുജലത്തിനാൽ കുളിച്ചും,
ഇടയിടയിടറിക്കിതച്ചുമത്യ-
സ്ഫുടമൊഴിയിത്തരമോതിയാദ്വിജേന്ദ്രൻ:— 8

"അലിവിനുമറിവിന്നുമാണിയാകും
കുലിശധരോപമനായ തമ്പുരാനേ!
കലിയുഗനിലയത്തുമോർത്തിടാതേ
വലിയ പരീക്ഷയിതെന്തു നിശ്ചയിപ്പാൻ? 9

അവനവനു വിധിച്ച കർമ്മമാരും
ശിവ! ശിവ! ചെയ്യുവരാത്തൊരീയുഗത്തിൽ
ശിവമുഖപരിശുദ്ധർ ചാടിയാലും
ജവമൊടു ചുട്ടുപൊടിക്കുമാശ്രയാശൻ. 10

ദുരിതവനദവാഗ്നിസേതുനാഥ-
ന്നരികിലഹം രസമാർന്നു പോയിരുന്നു;

തിരികെ നിലയനത്തിൽ വന്നവാറി-
ച്ചരിതമൊരാളുരചെയ്തു കർണ്ണശല്യം. 11

പൊരിപതറിട്ടുമുള്ളൊട്ടുണ്ടകൊണ്ട-
ക്കിരിയുടെമട്ടുപിട്ടന്നൊരോട്ടമോടി,
ത്വരിതമിനി മറിഞ്ഞുവീഴ്കിലെന്താ-
ണരിയൊരു ജീവനെ രക്ഷചെയ്തുവല്ലോ. 12

ഭുവനജനനിതൻ കൃപാകടാക്ഷം
ഭവദുരുഭാഗ്യമൊടൊത്തുചേർന്നമൂലം
അവനിസുരവരിഷ്ഠജീവനം, ത്വ-
ദ്ധവളയശസ്സുമിവൻ പിടിച്ചുനിർത്തി. 13

ഇതിലൊരു മറിമായമുള്ളതിപ്പോൾ
മതിമതളിയുംപടി ബോദ്ധ്യമാക്കിടാം ഞാൻ;
ക്ഷിതിപ! മമ മേനി തൊട്ടുകൊണ്ടി-
ട്ടതിരസമോടനലാന്തികത്തിൽ നോക്കൂ!!"

അരമരചനിലാസുരന്റെ മെയ്യിൽ
കരതളിർ വെച്ചൊരു നോക്കുനോക്കിയപ്പോൾ
സ്മരഹരദയിതേ! പ്രസീദ നാഥേ!
നരപതി കണ്ടൊരു കാഴ്ചയെന്തുരപ്പൂ!! 15

നിരുപമകരുണാമൃതം പൊഴിയ്ക്കും
സുരുചിരനൂതനമേഘലേഖപോലെ
അതുലനഗജയാം കിരാതിമാതിൻ
തിരുവുടലാണു തെളിഞ്ഞു കണ്ടതല്ലോ. 16

അനവരതമനങ്ങിടുന്ന തൃക്കൺ-
മുനയിലുറച്ച കൃപാരസത്തിനോടും
ഘനസുഷമയൊടും വിളങ്ങിടുന്നു
ഘനസമവർണ്ണന പെങ്ങളായ ദേവി. 17

ഉദയരവി കരംകൊടുത്ത ദന്ത-
ച്ഛദരുചിയാൽ ജനദൃഷ്ടി മങ്ങിടായ്വാൻ
സദയമതു മിനുക്കി മേചിടുന്നു
രദനസുധാംശു ചൊരിഞ്ഞ വെണ്ണിലാവൽ. 18

അമരനദി കലങ്ങി മാഴ്കിടുംമാ-
റമരമൊടർജ്ജുനനാത്മഗാണ്ഡിവത്താൽ
സുമശരരിപുവിൻ തലക്കടിച്ചം-
സ്സമയവുമിപ്പൊഴുമേകഭാവമല്ലോ. 19

ചെറുനരനതിബുദ്ധിയെന്നു ഭാവി-
ച്ചുറവഷളാം ക്രിയ ചെയ്വതോർക്കമൂലം
ചെറുതൊരു പരിഹാസഭാവമുണ്ടാ-
നുറുനളിനോപമകോമളാനനത്തിൽ. 20

അരിമയൊടവിടുന്നു വെച്ചപോററം
ഹരിസമനാം പുരുഷപ്രമാണിതന്നെ
കരികനലിലിടാൻ തുടർന്നമൂലം
പരിഭവവും ചെറുതുള്ളപോലെ തോന്നും. 21

അനലനു തനുശോഭ ശീലമാക്കും
ദിനമണിയെന്നിഹ തോന്നിടുംവിധത്തിൽ

ജനനിയുടെയടുത്തു രത്നഭാസ്സാൽ-
കനകവിമാനമൊരുക്കിവെച്ചിരിപ്പൂ. 22

അനഘതനുവിലാസദർശനത്താൽ
ജനപതിതാൻ പുളകാവൃതാംഗനായി,
ഘനമൊടു ഗിരിപുത്രി വിട്ട തൃക്കൺ-
മുനകൾ തദശ്രുമൂലമായിരിക്കാം. 23

കിട്ടകിടെയുലകിട്ടമെച്ച ഭൂപൻ
കുട്ടുകുടെ ചാർത്തിതു ഹർഷബാഷ്പപൂരം;
കെട്ടുമതിവഴിയായെരിച്ച ചെന്തീ
കെട്ടവരിന്നായ് ചൊരിയുന്ന വെള്ളമാവാം. 24

“ഭഗവതി! ഭവഭാഗധേയസത്തേ!
ജഗദുദയസ്ഥിതിനാശഹേതുഭൂതേ!
നഗപതിതനയേ! കടാക്ഷവീക്ഷാ-
നിഗളമിവങ്കലണച്ചു കെട്ടിയാലും. 25

തിരുവുടലനുവാസരം സമീക്ഷി-
ച്ചുരുസുഖമാണ്ടെഴുമിദ്ദ്വിജോത്തമങ്കൽ
പുരുതരമപരാധമാചരിച്ചേ-
നരുതരുതായതുകൊണ്ടു കോപമേതും. 26

നിരവധിയുഗമുഗ്രമാം തപസ്സാൽ
തിരയുമൃഷിക്കുമലഭ്യമാം പദാർത്ഥം
പുരഹരപരിലാളിതം ലഭിപ്പാൻ
തരമിവനേകിയ തൊറ നന്മചെയ്യൂ. 27

ചരവുമചരവും നിറഞ്ഞ മായേ!
പരമശിവേ! പരമാർത്ഥബുദ്ധിരൂപേ!
പരമിവനുമിവൻെറ സന്തതിക്കും
പരമസുഖം പരദൈവമാകണം നീ". 2

ഇത്തരവിധമവനീശനോതിയപ്പോൾ
പുതുചിരിയാലതു ബോദ്ധ്യമെന്നു കാട്ടി
കുതുകമൊടഥ ഭക്തരിൽ കടാക്ഷാ-
മൃതു ചിതറിപ്പരമേശി പോയ്മറഞ്ഞു. 2

ഈശൻതൻനാഥയെക്കണ്ടിതരതരുണിയെ-
ന്നോർത്തു ഭർത്താവിലാർന്നോ-
രാശങ്കാമൂലമഞ്ചാംപുരയിലധിവസി-
പ്പിച്ചിതന്തർജ്ജനത്തെ;
ആശയെല്ലാർക്കും ഫലത്തെസ്സദയമരുളീടും
പാർവ്വതീദേവിതന്നെ-
ബ്ഭൂശക്രൻ ഭൂരിശക്തിത്തികവൊടു കുടിവെ-
ച്ചീടിനാൻ സ്വാലയത്തിൽ. 3

ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ ബി. ഏ.

---

MUL
051131

17 NOV 1917